# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.23 — 06.01.2014 ൽ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പ് ചെലവുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) പതിനാല് ജില്ലകളിൽ ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് വിവിധ വകുപ്പുകൾ വഴി ഏതെല്ലാം ഇനത്തിൽ ആകെ എന്തു തുക ഖജനാവിൽ നിന്നും ചെലവായിട്ടുണ്ട്; മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും റ്റി.എ, ഡി.എ, റവന്യൂ, സ്റ്റേജിന്റെ ഡക്കറേഷൻ, വാഹനം, ഭക്ഷണം, മാധ്യമങ്ങളുടെ പരസ്യം തുടങ്ങിയ ഇനങ്ങളിൽ എന്തു തുക മൊത്തമായി ചെലവഴിക്കപ്പെട്ടു എന്നറിയിക്കാമോ; | എ) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിനുവേണ്ടി ആകെ 4,32,32,342 രൂപയും ധനസഹായം നൽകുന്നതിനായി 24,24,92,745 രൂപയും ചെലവായി. രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയ്ക്കായി 4,13,75,600 രൂപയും ധനസഹായം നൽകുന്നതിനായി 30,02,94,800 രൂപയും ചെലവായതായാണ് ഇതുവരെയും ലഭ്യമായിട്ടുള്ള വിവരം. |
| ബി) രണ്ടാംഘട്ട ജനസമ്പർക്കപരിപാടി സംഘടിപ്പിക്കുന്നതിന് മേൽ പറഞ്ഞ വകയിൽ ചെലവായ മൊത്തം തുക എത്രയാണ്; | ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| സി) ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് ദുരിതാശ്വാസ നിധിയിൽ നിന്ന് ചെലവായ തുക എത്രയാണ്; മറ്റ് നിലയിൽ ചെലവായ തുക എത്രയാണ്; ഏതെല്ലാം ഹെഡ്ഡുകളിൽ നിന്നാണ് ചെലവഴിച്ചത്; വിശദമാക്കാമോ? | സി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |

Kulakuh

സെക്ഷൻ ഓഫീസർ